**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2020

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ സൗകര്യം ആരംഭിച്ചു

2020–ലെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിലേക്കും ആർക്കിടെക്ചർ കോഴ്സിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിലേക്കുമുള്ള നടപടിക്രമങ്ങൾ **07.11.2020 –ന്** ആരംഭിച്ചു.ഈ ഘട്ടത്തിൽ, പുതുതായി ഉൾപ്പെടുത്തിയ ഫാർമസി കോളേജുകളിലേയ്ക്കും എഞ്ചിനീയറിംഗ് വിഭാഗത്തിൽ പാലക്കാട് ഗവ.എഞ്ചിനീയറിംഗ് കോളേജിൽ പുതുതായി ഉൾപ്പെടുത്തിയ സിവിൽ എഞ്ചീനീയറിംഗ് കോഴ്സിലേയ്ക്കും, കോതമംഗലം മാർ അത്തനേഷ്യസ് എഞ്ചിനീയറിംഗ് കോളേജിൽ പുതുതായി ഉൾപ്പെടുത്തിയ കംപ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് (ഡാറ്റാ സയൻസ്) കോഴ്സിലേയ്ക്കും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്.

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്:

എഞ്ചിനീയറിംഗ്/ ഫാർമസി കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ മൂന്നാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും ആർക്കിടെക്ചർ കോഴ്സിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/ കോഴ്സ് എന്നിവയിലേക്ക് ആവശ്യമുള്ള പക്ഷം ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ **07.11.2020 മുതൽ 09.11.2020, ഉച്ചയ്ക്ക് 01.00 മണി വരെ** ലഭ്യമാകുന്നതാണ്. **09.11.2020 ഉച്ചയ്ക്ക് 01.00 മണി വരെ ലഭിക്കുന്ന** ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റും ആർക്കിടെക്ചർ കോഴ്സിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റും **10.11.2020–ന്** വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) **11.11.2020 മുതൽ 13.11.2020, 4.00 മണി** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഹെഡ് പോസ്റ്റ് ഓഫീസ് ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീസ്/ ബാക്കി തുക അടച്ചതിനുശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/ കോളേജിൽ **13.11.2020 വൈകുന്നേരം 4.00 മണിക്ക്** മുൻപായി പ്രവേശനം നേടിയിരിക്കേണ്ടതാണ്.

മുൻഘട്ട അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരുടെ ഹയർ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിൽ പരിഗണിക്കണമെങ്കിലും ഇതുവരെ അലോട്ട്മെന്റൊന്നും ലഭിക്കാത്തവരുടെ ഓപ്ഷനുകൾ ഈ ഘട്ടത്തിൽ പരിഗണിക്കപ്പെടണമെങ്കിലും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായി നടത്തേണ്ടതാണ്. കൺഫർമേഷൻ നടത്താത്തവരുടെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി വിഭാഗങ്ങളിലുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുമെന്നതിനാൽ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ ഈ ഘട്ടത്തിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവർക്ക് മുൻ അലോട്ട്മെന്റിലൂടെ ലഭിച്ച അഡ്മിഷൻ നിലനിൽക്കുന്നതായിരിക്കും.

ഫീസ് ആനുകൂല്യത്തിന് അർഹരായവരും (എസ്.സി./എസ്.റ്റി./ഒ.ഇ.സി. മറ്റ് ഫീസാനുകൂല്യമുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) ഹയർ ഓപ്ഷനുകൾ പരിഗണിക്കപ്പെടണമെങ്കിൽ നിർബന്ധമായും ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്

## അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **07.11.2020** | എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദുചെയ്യുന്നതിനും പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലേയ്ക്കും/ കോഴ്സുകളിലേയ്ക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| **09.11.2020**<br>**(ഉച്ചയ്ക്ക് 01.00 മണി)** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **10.11.2020** | അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **11.11.2020–13.11.2020**<br>**വൈകിട്ട് 4.00 മണി വരെ** | **അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടുക:**<br>(അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ട ഫീസ്/ ബാക്കി തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക **11.11.2020 മുതൽ 13.11.2020** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കിയതിനുശേഷം മാത്രം അലോട്ട്മെന്റ് ലഭിച്ച കോഴ്സ് /കോളേജിൽ പ്രവേശനം നേടേണ്ടതാണ്. ) |
| **13.11.2020**<br>**വൈകിട്ട് 5.00 മണി** | എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

## List of New Colleges Included in this phase

| Sl.No | Code | Self-Financing Pharmacy Colleges | Course | Fees |
|---|---|---|---|---|
| 1 | KCB | KMCT College of Pharmacy, Mampra, Malappuram | B.Pharm | 98,000/- |
| 2 | CAB | Caritas College of Pharmacy, Ettumanoor, Kottayam | B.Pharm | 98,000/- |
| 3 | *NEB | Nirmala college of Health Sciences for B.Pharm 60 seats | B.Pharm | 98,000/- |
| 4 | *MGK | MGM Silver Jubilee College of Pharmacy, Kilimanoor, Thiruvananthapuram | B.Pharm | 98,000/- |
| 5 | *MGB | MGM Silver Jubilee College of Polytechnic and Pharmaceutical sciences, Pampakuda, Ernakulam | B.Pharm | 98,000/- |

*ഈ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് താത്ക്കാലികവും സർക്കാരിന്റെ/ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെയും ഉത്തരവിന് വിധേയവുമായിരിക്കും.

## New Courses Included in this Phase

| Sl.No | Code | Name of Colleges | Course | Fees |
|---|---|---|---|---|
| 1 | PKD | Government College Sreekrishnapuram, Palakkad | Civil Engineering | 8650+ (1000 caution deposit) |
| 2 | MAC | Mar Athanasius College of Engineering, Kothamangalam, Ernakulam | Computer Science & Engineering (Data Science) | 8650+ (1000 caution deposit) |

കൊല്ലം TKM എഞ്ചീനീയറിംഗ് കോളേജിൽ ബി.ടെക് കംപ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്ക് അധികമായി അനുവദിച്ച സീറ്റുകൾ കൂടി ഈ അലോട്ട്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്.

**ഫീസ്:**

എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളുടെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് കോഴ്സ് തിരിച്ച് വെബ്സൈറ്റിൽ ലഭ്യമാണ്.

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് സർക്കാർ കോളേജിൽ അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും 1000/– രൂപ കോഷൻ ഡെപ്പോസിറ്റ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ അനുമതിയുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുകയുള്ളൂ..

**ശ്രദ്ധയ്ക്ക്:**
1. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും ഈ ഘട്ടത്തിൽ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.
2. ഈ അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ഈ അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകളുടെ ലഭ്യത സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. ഉത്തരവുകൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**കുറിപ്പ്:** ***അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.***

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

Geetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**07.11.2020**